"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ)- കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിനുള്ള 5.17 കോടി രൂപയുടെ അധിക ഭരണാനുമതി ജിഡ സെക്രട്ടറി സ്വമേധയാ അനുവദിച്ച നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2449/2024/LSGD തീയതി,തിരുവനന്തപുരം, 12-12-2024

പരാമർശം:-
1. 06/11/2021 തീയതിയിലെ സ.ഉ(സാധാ) നം. 2200/2021/തസ്വഭവ ഉത്തരവ്
2. ജിഡ സെക്രട്ടറിയുടെ 16.08.2023 തീയതിയിലെ ജിഡ-1372/11 നമ്പർ കത്ത്
3. 24/07/2023 തീയതിയിലെ ജിഡയുടെ 34-ാമത് ജനറൽ കൗൺസിൽ യോഗം

ഉത്തരവ്

എറണാകുളം ജില്ലയിലെ കോതാട്-ചേന്നൂർ പാലം നിർമ്മാണത്തിനായി 35.97 കോടി രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം സർക്കാർ അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ റേറ്റ് റിവിഷൻ അധികരിച്ചത് മൂലം എസ്റ്റിമേറ്റ് തുക വർദ്ധിച്ച് 41.14 കോടി രൂപ ആയിട്ടുണ്ടെന്നും അധിക തുകയായ 5.17 കോടി രൂപയുടെ അധിക ഭരണാനുമതി കൂടി ലഭ്യമാക്കണമെന്നും ജിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലഭ്യമായ രേഖകൾ പരിശോധിച്ചതുവഴി കോതാട്-ചേന്നൂർ പാലം നിർമ്മാണത്തിനായി 5.17 കോടി രൂപയുടെ അധിക ഭരണാനുമതി സർക്കാർ അനുമതിയില്ലാതെ ജിഡ സെക്രട്ടറി സ്വമേധയാ അനുവദിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ജിഡ സെക്രട്ടറിയുടെ മേൽ നടപടിയ്ക്ക് അതോറിറ്റി ജനറൽ കൗൺസിൽ അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതിനാൽ മേലിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാൻ പാടില്ല എന്ന് ജിഡ സെക്രട്ടറിയെ താക്കീത് ചെയ്യുന്നതിനൊപ്പം കോതാട്-ചേന്നൂർ പാലം നിർമ്മാണത്തിനായി 5.17 കോടി രൂപയുടെ അധിക ഭരണാനുമതി നൽകിയ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ജില്ലാ കളക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/ഇ&ആർ.എസ്.എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര-പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഐ.എ3/111/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 13-12-2024 09:44:26
സെക്ഷൻ ഓഫീസർ